(സി) അല്ല. നിയമനങ്ങൾ മറ്റ് ഡിപ്പാർട്ടുമെൻറുകളിൽ നിന്നോ സ്പെഷ്യൽ കമ്മറ്റികളുടെ ശുപാർശ അനുസരിച്ചോ ചെയ്യുന്നതിനാൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി നടത്താറില്ല.

(ഡി) എഴുപത്തിയഞ്ചു രൂപയോ അതിൽ കുറഞ്ഞ അടിസ്ഥാന ശമ്പളമോ ഉള്ള ഉദ്യോഗങ്ങളെല്ലാം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴിയാണ് നടത്തുന്നത്.

തെക്കൻതിരുവിതാംകൂറിലെ പോലീസ് അക്രമങ്ങൾ.

* 723. [12] ശ്രീ. പി. ആർ. മാധവൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെക്കൻതിരുവിതാംകൂറിലെ വെടിവയ്പിനെ തുടർന്ന് ആ പ്രദേശങ്ങളിൽ പോലീസ് ഉദ്യോഗസ്ഥന്മാരും അവരുടെ സ്ഥിരം ഗുണ്ടാകളും ചേർന്ന് നടത്തിയ അക്രമങ്ങളെപ്പറ്റി അന്വേഷിക്കാമെന്നും മുഖ്യമന്ത്രി കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ വച്ച് ഉറപ്പു നൽകുകയുണ്ടായില്ലേ ;

(ബി) പോലീസ് ഗുണ്ടാ അക്രമങ്ങളെപ്പറ്റി തെക്കൻതിരുവിതാംകൂറിൽനിന്ന് വ്യക്തമായ പരാതികൾ ഗവണ്മെൻറിനു ലഭിച്ചു. അതിന്മേൽ എന്തെങ്കിലും നടപടി നടത്തി, ഏതു പോലീസ് ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചുവെന്നുള്ള വിവരം വ്യക്തമാക്കുമോ ;

(സി) മേൽപറഞ്ഞ സംഭവങ്ങൾ നടക്കുന്ന കാലത്തു് തെക്കൻതിരുവിതാംകൂറിൽ ഇതൊക്കെ നടത്തിയ ഏതു് പോലീസ് ഉദ്യോഗസ്ഥന്മാർക്കു് പ്രമോഷനും സമ്മാനങ്ങളും നൽകി.

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) പോലീസ് അക്രമങ്ങളെപ്പറ്റി വ്യക്തമായ പരാതികൾ ചൂണ്ടിക്കാണിച്ചാൽ അവയെപ്പറ്റി അന്വേഷണം നടത്താമെന്നു് പ്രസ്താവിച്ചിരുന്നു.

(ബി) പരാതികൾ ലഭിച്ചു. എന്നാൽ പിന്നീടുണ്ടായ സാഹചര്യങ്ങളിൽ പോലീസിൻറെ മേൽ ആരോപിച്ചിട്ടുള്ള പരാതികളെപ്പറ്റി അന്വേഷണം നടത്തേണ്ടതില്ല എന്നു തീരുമാനിച്ചു.

(സി) യാതൊരു പോലീസ് ഉദ്യോഗസ്ഥനും അക്രമങ്ങൾ പ്രവർത്തിച്ചുവെന്ന പേരിൽ പ്രമോഷനോ സമ്മാനങ്ങളോ നൽകിയിട്ടില്ല. എന്നാൽ തമിഴ്നാടു് പ്രക്ഷോഭണം സംബന്ധിച്ചു് കൃത്യബോധത്തോടുകൂടി കാര്യക്ഷമമായി പ്രവർത്തിച്ചതിനു് എട്ടു് പോലീസ് ഉദ്യോഗസ്ഥന്മാർക്കു് പാരിതോഷികങ്ങൾ നൽകിയിട്ടുണ്ടു്.

ധീരതയ്ക്കുള്ള ബഹുമതിമുദ്ര.

* 724. [13] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെക്കൻ തിരുവിതാംകൂറിൽ തമിഴ്നാടു പ്രക്ഷോഭണകാലത്തു് ധീരതയോടും, ന്യായദീക്ഷയോടും പെരുമാറിയതിനു് ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്കു് ബഹുമതിമുദ്ര നൽകിയിട്ടുണ്ടോ ? ആർക്കൊക്കെയാണു് നൽകിയതു് :

LIBRARY ARCHIVES Kerala Legislative Assembly